**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** **03-03-2025 - ൽ മറുപടിയ്ക്ക്**

**ലഹരി കടത്ത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തേക്ക് ചെക്ക്പോസ്റ്റുകൾ വഴിയടക്കം ലഹരി പദാർത്ഥങ്ങൾ വ്യാപകമായി കടത്തിക്കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തേക്ക് ചെക്ക് പോസ്റ്റുകൾ വഴിയടക്കം ലഹരി പദാർത്ഥങ്ങൾ വ്യാപകമായി കടത്തി കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തേയ്ക്ക് ചെക്ക് പോസ്റ്റുകൾ വഴിയടക്കം ലഹരി പദാർത്ഥങ്ങൾ കടത്തിക്കൊണ്ടുവരുന്നത് കണ്ടുപിടിച്ച് കേസ് രജിസ്റ്റർ ചെയ്തു വരുന്നുണ്ട്. ചെക്ക് പോസ്റ്റുകളും കെമു യൂണിറ്റും അതിർത്തി വഴിയുള്ള ലഹരി കടത്ത് തടയുന്നതിന് കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് തടയുന്നതിനായി റെയ്ഞ്ച്, സർക്കിൾ, സ്ക്വാഡ് ഓഫീസുകൾ കേന്ദ്രീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, ഇൻറലിജൻസ്/ ഷാഡോ സംവിധാനങ്ങൾ ഉപയോഗിച്ച് രഹസ്യ വിവര ശേഖരണങ്ങളും, 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോളിംഗ് / സ്ട്രൈക്കിംഗ് ഫോഴ്സ്/ ഹൈവേ പട്രോളിംഗ് എന്നിവയും നടത്തിവരുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിലും, ചെക്ക് പോസ്റ്റുകളിലും ശക്തമായ പരിശോധനകൾ നടത്തി അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും ആർ.പി.എഫ്-ന്റെ സഹകരണത്തോടെ പരിശോധനകൾ നടത്തി ലഹരി വസ്തുക്കൾ പിടിച്ചെടുക്കുന്നുണ്ട്. ഇതര വകുപ്പുകളുമായി ചേർന്ന് വ്യാപാര സ്ഥാപനങ്ങൾ, പാർക്കുകൾ, ബീച്ചുകൾ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ, ബസ്സ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലും പരിശോധനകൾ നടത്തി ലഹരി വ്യാപനം തടയുന്നതിന് ശ്രമിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ സദാ നിരീക്ഷണത്തിന് വിധേയമാക്കുകയും, അപ്രതീക്ഷിത |

| | | | |
|---|---|---|---|
| | | | പരിശോധനകൾ നടത്തി ലഹരി സംഭരണം, വിൽപ്പന, ഉപയോഗം എന്നിവ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ലഹരി കടത്തുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് കുറ്റകൃത്യം തടയാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് എം.ഡി.എം.എ. അടക്കമുള്ള സിന്തെറ്റിക് ലഹരിയുടെ വ്യാപനം തടയാൻ ആവിഷ്കരിച്ച കർമ്മപദ്ധതികൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് എം.ഡി.എം.എ. അടക്കമുള്ള സിന്തെറ്റിക് ലഹരിയുടെ വ്യാപനം തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകൾ അന്യസംസ്ഥാനത്തു നിന്നും വരുന്ന വാഹനങ്ങൾ, പാഴ്സലുകൾ എന്നിവ ശക്തമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ചെക്ക്പോസ്റ്റുകളില്ലാത്ത റോഡുകളിൽ കെമു വാഹനങ്ങൾ പരിശോധനകൾ നടത്തുന്നു. സംസ്ഥാനതലത്തിലും ജില്ലാടിസ്ഥാനത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ വഴി ലഭിക്കുന്ന പരാതികൾ അതാത് സമയം തന്നെ ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറി കൃത്യമായ പരിശോധന നടത്തി കേസുകൾ കണ്ടെടുക്കുന്നു. കൂടാതെ റെയ്ഞ്ച് ഓഫീസുകൾ സർക്കിൾ ഓഫീസുകൾ, ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് ഓഫീസുകൾ കേന്ദ്രീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി മദ്യ-മയക്കമരുന്ന് മാഫിയകളെ അമർച്ച ചെയ്യുന്നു. മറ്റു വകുപ്പുകൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ, നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ എന്നിവയുമായി ചേർന്ന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്. അതിന്റെ ഭാഗമായി പോലീസ്, വനം, റവന്യൂ, ആരോഗ്യം, ആർ.പി.എഫ്. കോസ്റ്റൽ പോലീസ് എന്നിവയുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി കേസുകൾ കണ്ടെടുക്കുന്നു. പരിശോധനയിൽ കണ്ടെത്തുന്ന പദാർത്ഥങ്ങൾ DRUG DETECTION KIT ഉപയോഗിച്ച് പ്രാഥമിക പരിശോധന നടത്തി ലഹരി വസ്തുവാണെന്ന് ഉറപ്പ് വരുത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരി ഉപയോഗിച്ചതായി സംശയമുള്ള ആളുകളെ ABON KIT ഉപയോഗിച്ച് പരിശോധിച്ച് ഏത് തരം ലഹരിയാണ് ഉപയോഗിച്ചതെന്ന് കണ്ടെത്താറുണ്ട്. ABON KIT ഉപയോഗിച്ച് പരിശോധന നടത്തി ലഹരി ഉപയോഗം കണ്ടെത്തിയാൽ കൂടുതൽ പരിശോധന നടത്തി ഉറപ്പ് വരുത്തുന്നു. മയക്കുമരുന്ന് കേസുകളിൽ പിടിക്കപ്പെടുന്നവർക്ക് കൂടുതൽ ശിക്ഷ ഉറപ്പാക്കുന്നതിനും സമൂഹത്തിന് ഹാനിയാകാതെ ഇവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും PIT NDPS ആക്ട് പ്രകാരം നിയമ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ഓണം, ക്രിസ്തുമസ്-പുതുവത്സര ആഘോഷങ്ങളുമായി ബന്ധപ്പെട്ട് സിന്തറ്റിക് ലഹരിയുടെ വ്യാപനം തടയുന്നതിന് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ നടത്തുണ്ട്. പോലീസ് വകുപ്പുമായി സഹകരിച്ച് സി.ഡി.ആർ, ടവർ ലൊക്കേഷൻ എന്നിവ ലഭ്യമാക്കി കേസ് കണ്ടുപിടിക്കുന്നതിനും കേസന്വേഷണം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സമയബന്ധിതമായും കൃത്യതയോടെയും കേസന്വേഷണം നടത്തുന്നതിന് എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ